"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടസ് ലിമിറ്റഡിലെ ജീവനക്കാർക്ക് സർക്കാർ 2020-21 സാമ്പത്തിക വർഷത്തിൽ പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.107/2022/ID തീയതി,തിരുവനന്തപുരം, 18-10-2022

പരാമർശം:-
1. 05/08/2021-ലെ സ.ഉ.(പി) നം.61/21/തൊഴിൽ നം.ഉത്തരവ്
2. 16/08/2021 ലെ എച്ച്1/249/2021-വ്യവ നമ്പർ സർക്കുലർ
3. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 18/08/2021, 24/11/2021, 19/03/2022എന്നീ തീയതികളിലെ PL/A/Govt/PCMA/2021 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

2020-21 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2019-20 സാമ്പത്തിക വർഷം അനുവദിച്ച ബോണസ് തുക തന്നെ 2020-21 സാമ്പത്തിക വർഷവും ബോണസായി നൽകുവാൻ പരാമർശം (2) ലെ സർക്കുലർ പ്രകാരം അനുമതി നൽകിയിരുന്നു.

2) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് ഓണത്തോടനുബന്ധിച്ച് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യ നൽകുന്ന വിഷയം കമ്പനി മാനേജ്മെന്റും തൊഴിലാളി യൂണിയനുകളുമായി 17/08/2021ന് ചർച്ച ചെയ്ത് സമവായത്തിലെത്തുകയും 2019-20 ൽ നൽകിയ തുകയായ 23,500/- രൂപ തന്നെ 2020-21 ലും ജീവനക്കാർക്ക് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യ ഇനത്തിൽ അനുവദിച്ചു നൽകുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. 17.08.2021 -ൽ യൂണിയനുകളുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് 23,500/- രൂപ വീതം അനുവദിച്ച നടപടിക്ക് 28/10/2021 ന് ചേർന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം സാധൂകരണം നൽകുകയും സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷം ജീവനക്കാർക്ക് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യ അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കണമെന്ന് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) ലെ കത്തുകൾ പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ഓണത്തോടനുബന്ധിച്ച് 23,500/- രൂപ വീതം പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യ അനുവദിച്ച് നൽകിയ മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ& ആർ.എസ്. എ/ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം.

തൊഴിലും നൈപുണ്യവും വകുപ്പ് (30/12/2021- ലെ അനൗദ്യോഗിക നം.ഡി1/301/2021/തൊഴിൽ പ്രകാരം)

ധനകാര്യ വകുപ്പ് (08/08/2022 - ലെ അനൗദ്യോഗിക നം.പി.യു-ഡി1/72/2022-ധന പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (എസ്.സി.) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by AJITHKUMAR A
Date: 19-10-2022 12:44:04
സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-10-2022

ഫയൽ നം. എച്ച്3/299/2021/വ്യവ. ഇനം നം: 1098

വിഷയം : വ്യവസായ വകുപ്പ് - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ജീവനക്കാർക്ക് 2020-21 വർഷത്തിൽ പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

17

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : എച്ച്3/299/2021/വ്യവ |
| 2 | വകുപ്പ് | : വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | : വ്യവസായ വകുപ്പ് - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ജീവനക്കാർക്ക് 2020-21 വർഷത്തിൽ പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 09/09/2022 Note # 33. |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ, |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : ഉണ്ട്, തൊഴിൽ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. എം.എ. റജീന ബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 27/9/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി.ജോയ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 29/9/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. രാജീവ്.പി. |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷം ഓണത്തോടനുബന്ധിച്ച് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2) 05/08/2021-ലെ സ.ഉ.(പി)നം.61/21/തൊഴിൽ നം.ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ്സ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 16/08/2021 ലെ എച്ച്1/249/2021-വ്യവ നമ്പർ സർക്കുലർ പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊട്ടു മുൻവർഷം അനുവദിച്ച ബോണസ് തുക തന്നെ ബോണസായി നൽകുവാൻ അനുമതി നൽകിയിരുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് ഓണത്തോടനുബന്ധിച്ച് ബോണസ് നൽകുന്ന വിഷയം കമ്പനി മാനേജ്മെന്റ് തൊഴിലാളി യൂണിയനുകളുമായി 17/08/2021 ന് ചർച്ച ചെയ്ത് സമവായത്തിലെത്തുകയും 2020-21 ൽ നൽകിയ പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ തുകയായ 23,500/- രൂപ തന്നെ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനുള്ള മൊത്തം സാമ്പത്തിക ബാധ്യത ₹ 138.29 ലക്ഷം രൂപയാണെന്ന് ടി.ടി.പി.എൽ-ന്റെ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 28/10/2021 ന് ചേർന്ന ടി.ടി.പി.എൽ-ന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം കമ്പനി ജീവനക്കാർക്ക് 17/08/2021 ൽ കമ്പനി മാനേജ്മെന്റ് തൊഴിലാളി യൂണിയനുകളുമായി നടന്ന ചർച്ചയിലെ തീരുമാന പ്രകാരം ഓണത്തോടനുബന്ധിച്ച് പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ ആയി 23,500/- രൂപനൽകിയ കമ്പനി മാനേജ്മെന്റിന്റെ നടപടി സാധൂകരിക്കുകയുണ്ടായി. കമ്പനി ജീവനക്കാർക്ക് അനുവദിച്ച് നൽകിയ പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ് തുകയുടെ വിശദാംശങ്ങൾ താഴെ

21

P.15.cf

പറയും പ്രകാരമാണ്:-

| ക്രമ നം | കാറ്റഗറി | ജീവനക്കാരുടെ എണ്ണം | സാമ്പത്തിക ബാധ്യത |
|---|---|---|---|
| 1 | കമ്പനി ജീവനക്കാർ | 569 | Rs.1,28,52,440/- |
| 2 | വിരമിച്ച/പിരിഞ്ഞു പോയ ജീവനക്കാർ | 51 | Rs.7,79,489/- |
| 3 | ഓപ്പറേറ്റർ ട്രെയിനി | 52 | Rs.1,06,756/- |
| 4 | കരാർ ജീവനക്കാർ | 4 | Rs.91,103/- |
| | ആകെ | 676 | Rs.1,38,29,788/- |

P.11.cf

4) ടി.ടി.പി.എൽ.ന്റെ മാനേജിംഗ് ഡയറക്ടർ 23,500/- രൂപ പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ ആയി കമ്പനി ജീവനക്കാർക്ക് വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

5) ഇത് സംബന്ധിച്ച് തൊഴിൽ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:-

Note#8nf

"If the bonus and other benefits are paid contrary to the guidelines in G.O.(P) No.61/2021/LBR dated 05/8/2021 issued by this department, the department will not agree to the said action"

6)ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:-

Note#25nf

"'Finance' endorses the remarks of Labour department on the proposal from the M.D., TTPL to ratify the action of having disbursed Rs.23,500/- as Bonus/Ex-gratia/ PCMA to the employees of the Company for the financial year 2020-21.

This has the approval of Hon'ble Minister (Finance)"

Note#32nf

8) വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

23

## തീരുമാനിക്കേണ്ട വിഷയം.

ടി.ടി.പി.എൽ -ലെ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷം ഓണത്തോടനുബന്ധിച്ച് 23,500/- രൂപ വീതം പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ ആയി വിതരണം ചെയ്ത കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി തൊഴിൽ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം മറികടന്നുകൊണ്ട് സാധൂകരിക്കാമോ?

26/9/22

26/9/22

26/9/22

27/9/22

29/9/22

26/9/22

30/9/22